**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6406** **08.11.2016-ൽ മറുപടിക്ക്**

**തീവ്രവാദി സംഘങ്ങളും നിരോധിത സംഘടനകളും**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. കെ. ശശി | ശ്രീ.പിണറായി വിജയൻ ( മുഖ്യമന്ത്രി) |
| (എ) നിലവിൽ സംസ്ഥാനത്ത് സാന്നിദ്ധ്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ള തീവ്രവാദി സംഘങ്ങൾ, മറ്റു നിരോധിത സംഘടനകൾ, ഐ.എസ്. തുടങ്ങി വിദേശ തീവ്രവാദ പ്രവർത്തന സംഘങ്ങൾ ഏതെല്ലാം എന്നും ഇവയുടെ പ്രവർത്തനം സംബന്ധിച്ച ദേശീയ അന്വേഷണ ഏജൻസികൾ നൽകിയ റിപ്പോർട്ടുകൾ എന്തെല്ലാമെന്നും വിശദാംശം ലഭ്യമാക്കുമോ; | (എ) മാവോയിസ്റ്റ് തീവ്രവാദ സംഘടനയുടെ പ്രവർത്തനങ്ങൾ കേരളത്തിൽ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇസ്ലാമിക് സ്റ്റേറ്റ് എന്ന ആഗോള നിരോധിത ഭീകരസംഘടന ആഗോളതലത്തിൽ ഭീകരത പല സ്ഥലങ്ങളിലും സൃഷ്ടിക്കുന്നുണ്ടെങ്കിലും ഇന്ത്യയിൽ ഈ സംഘടനയുടെ അത്തരത്തിലുള്ള പ്രവർത്തനങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നില്ല. എന്നാൽ സമീപകാലത്ത് പല ഇന്ത്യാക്കാരും ഈ സംഘടനയോട് സോഷ്യൽ മീഡിയ തുടങ്ങിയ മാധ്യമങ്ങൾ വഴി ആഭിമുഖ്യം പുലർത്തി വരുന്നതായും കേരളത്തിൽ സ്വാധീനമുണ്ടാക്കാനും യുവാക്കളെ ഈ സംഘടനയിലേക്ക് റിക്രൂട്ട് ചെയ്യുവാനും ശ്രമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സംഘടനയുടെ പ്രവർത്തനത്തോട് ആഭിമുഖ്യമുള്ള ചിലരെ കനകമലയിൽവെച്ച് രഹസ്യയോഗം നടത്തവേ ദേശീയ അന്വേഷണ ഏജൻസി പിടികൂടുകയും ഇതുമായി ബന്ധപ്പെട്ടുള്ള കേസ് ഇപ്പോൾ അന്വേഷണാവസ്ഥയിലുമാണ്. ദേശീയസുരക്ഷയുമായി ബന്ധപ്പെട്ട വിഷയമായതിനാൽ കൂടുതൽ വിശദാംശങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |
| (ബി) കണ്ണൂരിലെ കനകമല സംഭവം ഉൾപ്പെടെ ഈ സർക്കാർ കാലയളവിൽ അറസ്റ്റ് ചെയ്യപ്പെട്ടവരായ തീവ്രവാദ സംഘടനാ പ്രവർത്തകർ എത്ര എന്നും കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ കാലയളവിൽ ഇത്തരം എത്ര കേസുകൾ രജിസ്റ്റർ ചെയ്തു എന്നും എത്ര കേസ്സിൽ പ്രതികളെ പിടികൂടി എന്നും വിശദാംശം ലഭ്യമാക്കുമോ; | (ബി) ഇസ്ലാമിക് സ്റ്റേറ്റ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കണ്ണൂരിലെ കനകമല സംഭവം ഉൾപ്പെടെ ഈ സർക്കാർ കാലയളവിൽ (25.05.2016 മുതൽ 23.10.2016 വരെ) 10 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇടതുപക്ഷ തീവ്രവാദ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഈ സർക്കാർ കാലയളവിൽ 6 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. (ഇതിൽ 3 പേർ കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ കാലയളവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളിലെ പ്രതികളാണ്). |

കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ കാലയളവിൽ ഇസ്ലാമിക് സ്റ്റേറ്റ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 1 കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്, ഇടതുപക്ഷ തീവ്രവാദ പ്രവർത്തനവുമായി ബന്ധപ്പെട്ട് 151 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 19 കേസുകളിലായി 29 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. (ഇവരിൽ ചിലർ ഒന്നിലധികം കേസുകളിൽ ഉൾപ്പട്ടിട്ടുള്ളവരാണ്).

(സി) സംസ്ഥാനത്ത് ഐ.എസ്. പ്രവർത്തനം നടക്കുന്നതു സംബന്ധിച്ച് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടത് എന്നാണ് എന്നും ആഭ്യന്തര വകുപ്പും ദേശീയ അന്വേഷണ ഏജൻസികളും ഇതു തടയുവാനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്നും ഇതിൽ ഉൾപ്പെട്ട സംസ്ഥാനത്തുള്ളവർ ആരെല്ലാം എന്നും ഇവരിൽ എത്ര പേർ കസ്റ്റഡിയിലായി, എത്ര പേർ രാജ്യം വിട്ടു എന്നും വിശദാംശം ലഭ്യമാക്കുമോ?

(സി) കേരളത്തിൽ ഇസ്ലാമിക് സ്റ്റേറ്റ് എന്ന സംഘടനയോട് സോഷ്യൽ മീഡിയ തുടങ്ങിയ മാധ്യമങ്ങൾവഴി ആഭിമുഖ്യം പുലർത്തി വന്ന ചില വ്യക്തികളുടെ പ്രവർത്തനങ്ങൾ ഏതാനും വർഷങ്ങളായി പോലീസിന്റെ നിരീക്ഷണത്തിലാണ്. സംസ്ഥാനത്ത് ഐ.എസ്. പ്രവർത്തനം തടയുവാനായി വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. ഇത് സംബന്ധിച്ച് മറ്റ് വിശദാംശങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

കണ്ണൂരിലെ കനകമല സംഭവുമായി ബന്ധപ്പെട്ട് കസ്റ്റഡിയിലായ ആൾക്കാരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. എൻ.ഐ.എ. യുടെ അന്വേഷണത്തിലിരിക്കുന്ന ഈ കേസിന്റെ മറ്റ് വിശദാംശങ്ങൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല.

(ഡി) സംസ്ഥാനത്ത് ഐ.എസ്. പ്രവർത്തനം തടയാൻ സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കുമോ?

(ഡി) വിശദാംശങ്ങൾ വെളിപ്പെടുത്തുന്നതിന് നിർവ്വാഹമില്ല.

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

# ഐ.എസ് പ്രവർത്തനവുമായി ബന്ധപ്പെട്ട് അറസ്റ്റു ചെയ്യപ്പെട്ട മലയാളികളുടെ വിവരങ്ങൾ (31.10.2016 വരെ)

| നം. | പേര് | വിലാസം | ജില്ല |
|---|---|---|---|
| 1 | മൻസീദ് @ ഒമർ അൽ ഹിന്ദി @ മുതക | മദീന മഹൽ, അനിയാരം പി.ഒ. | കണ്ണൂർ |
| 2 | അബു ബഷീർ @ റഷീദ് അലി @ അമീർ @ ദളപതി | ജി എം നഗർ, കൊട്ടായി പുത്തൂർ, സൗത്ത് ഉക്കാടം, കോയമ്പത്തൂർ, തമിഴ്നാട് (ഇപ്പനാട് സ്വദേശി, പാലക്കാട് ജില്ല). | തമിഴ്നാട് (പാലക്കാട് സ്വദേശി) |
| 3 | സ്വാലിഹ് മുഹമ്മദ് | അമ്പലത്ത് വീട്, ചേലക്കര ദേശം, വെങ്ങനല്ലൂർ | തൃശ്ശൂർ |
| 4 | സഫ് വാൻ പി. | പൂക്കാട്ടിൽ വീട്ടിൽ, പൊന്മുണ്ടം പി.ഒ., തിരൂർ. | മലപ്പുറം |
| 5 | ജാസിം എൻ. കെ. | നങ്ങീലൻകണ്ടിയിൽ വീട്ടിൽ, കുറ്റിയാടി | കോഴിക്കോട് |
| 6 | റംഷാദ് നഗീലൻ കണ്ടിയിൽ @ ആമു | നങ്ങീലൻകണ്ടിയിൽ വീട്ടിൽ, കുറ്റിയാടി | കോഴിക്കോട് |
| 7 | സുബ്ഹാനി @ എ.ആർ.എസ്. യാസിമി @ സുബ്ഹാൻ അബ്ദുള്ള | മാലിയക്കൽ വീട്, വ്യാപാര ഭവന സമീപം, മാർക്കറ്റ് റോഡ്, തൊടുപുഴ. | ഇടുക്കി. |

സെക്ഷൻ ഓഫീസർ